(ബി) ബാധകമല്ല.

(സി) ഉണ്ട്.

(ഡി) ആരോഗ്യവകുപ്പ് ഡയറക്ടറായിരുന്ന ഡോ. പി. എസ്. രാമകൃഷ്ണന്റെ പേരിൽ ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) ഡോ. പി. എസ്. രാമകൃഷ്ണനെ അന്വേഷണവിധേയമായി സർവീസിൽനിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്.

മാനസിക രോഗാശുപത്രികളിലെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

108 [1287] ശ്രീമതി ശോഭനാ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനസിക രോഗാശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ മാനസിക രോഗാശുപത്രികളിലെ സ്റ്റാഫിന്റെ എണ്ണം വർദ്ധിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ, ബി) വിവരം ശേഖരിച്ചുവരുന്നു.

സർക്കാർ ആശുപത്രികളിലെ മാലിന്യ നിർമ്മാർജ്ജനം

109 [1288] ശ്രീ. ജോർജ് ജെ. മാത്യു:
,, എ. യൂനസ് കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകളിലേയും ജില്ലാ, താലൂക്ക്, മറ്റ് സർക്കാർ ആശുപത്രികളിലേയും മാലിന്യങ്ങൾ നശിപ്പിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി ഒരു സമഗ്രപദ്ധതി തയ്യാറാക്കി ആസൂത്രണ കമ്മീഷനു് അയച്ചുകൊടുത്തിട്ടുണ്ടോ;

(സി) എങ്കിൽ ഇതു സംബന്ധിച്ചുള്ള നടപടികൾ ഏതു ഘട്ടത്തിലിരിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആശുപത്രികളിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ നശിപ്പിക്കുന്നതിന് ആശുപത്രികളിൽ ഇൻസിനിറേറർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഇതിലേക്കായി ഒരു സമഗ്ര പദ്ധതിയും തയ്യാറാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി,l സി) മെഡിക്കൽ കോളേജുകളിലേയും, ജനറൽ/ജില്ലാ ആശുപത്രികളിലേയും മാലിന്യം നീക്കം ചെയ്യുന്നതിനായി തയ്യാറാക്കിയ പദ്ധതി ആസൂത്രണ കമ്മീഷന്റെ അംഗീകാരത്തിനായി അയച്ചുകൊടുത്തിട്ടുണ്ട്. പദ്ധതി ആസൂത്രണ കമ്മീഷന്റെ പരിഗണനയിലാണ്.

ഇന്ത്യാ പോപ്പുലേഷൻ പ്രോജക്ട് ഓഫ് സെറ് പ്രിൻറിംഗ് പ്രസ്സിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ നടപ്പിലാക്കാൻ നടപടി

110 [1289] ശ്രീ. ബി. വിജയകുമാർ:
,, നാലകത്ത് സൂപ്പി:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) 1986 മുതൽ കെ. എച്ച്. ആർ. ഡബ്ലിയു. എസ്സിന്റെ കീഴിലുള്ള ഇന്ത്യാ പോപ്പുലേഷൻ പ്രോജക്ട് ഓഫ് സെറ് പ്രിൻറിംഗ് പ്രസ്സിന്റെ പൂർണ്ണ ഉടമസ്ഥാവകാശം ഇപ്പോൾ ആർക്കാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രസ്സിലെ ജീവനക്കാരുടെ ശമ്പള സ്കെയിലുകൾ ഫിക്സ് ചെയ്തിട്ടുണ്ടോ;

(സി) ഐ.പി.പി. പ്രസ്സിൽ ജീവനക്കാരെ സ്ഥിരപ്പെടുത്തി ഒരു വർഷം കഴിഞ്ഞിട്ടും, ജീവനക്കാരുടെ ശമ്പള സ്കെയിലിലുള്ള അപാകതകൾ പരിഹരിക്കുവാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ഐ.പി.പി. ഓഫ് സെറ് പ്രിൻറിംഗ് പ്രസ്സിലെ ജീവനക്കാരുടെ ശമ്പള സ്കെയിൽ നിശ്ചയിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) അധികമായി ശമ്പളം വാങ്ങുന്നുണ്ടെങ്കിൽ തിരിച്ചടച്ചുകൊള്ളാമെന്ന് ജീവനക്കാർ എഴുതിക്കൊടുത്താലേ ശമ്പളം നൽകൂ എന്നറിയുന്നത് ശരിയാണോ; എങ്കിൽ കാരണം എന്തെന്ന് വ്യക്തമാക്കുമോ;

(എഫ്) ഐ. പി. പി. പ്രസ്സിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളെക്കുറിച്ച് തീരുമാനമെടുക്കാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ;

(ജി) പ്രസ്തുത പ്രസ്സിലെ ജീവനക്കാർക്ക് രണ്ടു ഗഡു ക്ഷാമബത്ത കൊടുക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(എച്ച്) സ്ഥിരപ്പെടുത്തിയ ജീവനക്കാർക്ക് ഒരു വർഷം കഴിഞ്ഞിട്ടും സർവീസ് ബുക്ക് ഓപ്പൺ ചെയ്തിട്ടില്ലെന്ന ആക്ഷേപം ശരിയാണോ;

(ഐ) എംപ്ലോയീസ് പ്രോവിഡൻറ് ഫണ്ടിന്റെ വിഹിതം ജീവനക്കാരിൽ നിന്നും പിടിക്കുന്നുണ്ടെങ്കിലും ജീവനക്കാർക്ക് ഇതു സംബന്ധിച്ച വിവരങ്ങൾ കിട്ടിയിട്ടില്ലെന്നറിയുന്നത് ശരിയാണോ?

LIBRARY ARCHIVES Kerala Legislative Assembly